## സ്വാമി ശരണം

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
എസ്റ്റേറ്റ് വകുപ്പ്,
തിരുവനന്തപുരം-1, 0471-2337790

# പുനർ ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊട്ടാരക്കര ഗ്രൂപ്പിലെ കോട്ടാത്തല ദേവസ്വത്തിലെ ആർ.ഒ.സി. നമ്പർ 15035/17/എം, തീയതി 08/11/2017 ഉത്തരവ് പ്രകാരം 5 മൂട് തേക്ക് മരം 28/03/2018 ൽ ലേലം നടത്തിയിട്ടുള്ളതും ഈ മരങ്ങൾ ലേലംകൊള്ളാൻ ആരും തന്നെ തയ്യാറായിട്ടില്ലാത്തതും നിലവിൽ ഈ മരങ്ങൾ ഉൾപ്പെടെ 7 മൂട് ഉണങ്ങിയ തേക്ക് മരവും 1 മൂട് പച്ച തേക്ക് മരവും (ബോർഡ് ആർ.ഒ.സി. നമ്പർ 9275/21/എം, തീയതി 26/10/2021 ഉത്തരവ് പ്രകാരം) കൊട്ടാരക്കര അസിസ്റ്റന്റ് കമ്മീഷണർ ആഫീസിൽ വച്ച് എസ്റ്റേറ്റ് ഡിവിഷൻ മുഖാന്തിരം ഓൺലൈൻ ആയി **07/12/2021** ഉച്ചയ്ക്ക് **3** മണിക്ക് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം ലേല സമയത്തിന് മുമ്പ് 5,000/-രൂപ നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളി കേൾക്കുന്ന/ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ആ വ്യക്തി അപ്പോൾ തന്നെ വിളിച്ച തുകയുടെ 50% കെട്ടിവയ്ക്കേണ്ടതുമാണ്. ദേവസ്വം ബോർഡിന്റെ അനുവാദം വരുന്ന മുറയ്ക്ക് ബാക്കി തുക ഉടൻതന്നെ കെട്ടിവച്ച് ഡിപ്പാർട്ട്മെന്റ് വ്യവസ്ഥകൾക്ക് വിധേയമായി 5 ദിവസത്തിനകം മരങ്ങൾ വെട്ടിയെടുത്ത് നീക്കംചെയ്യേണ്ടതുമാണ്. ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം കെട്ടിവച്ച തുക ഡിപ്പാർട്ട്മെന്റിൽ മുതൽകൂട്ടി തുടർനടപടികൾ എടുക്കുന്നതായിരിക്കും. ലേലം വിളിക്കുന്ന/ക്വട്ടേഷൻ നൽകുന്ന തുകയോടൊപ്പം വാണിജ്യ നികുതി വകുപ്പിൽ അടയ്ക്കേണ്ടതായ 18%(ജി.എസ്.റ്റി) നികുതിയും, ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സ് ആയി ആകെ തുകയുടെ 5% നൽകി ദേവസ്വം ബോർഡിൽ നിന്നുതന്നെ രസീത് വാങ്ങേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റിവയ്ക്കുന്നതിനും ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയത്ത് ലേല നടപടികൾ നടത്തുന്നതായിരിക്കും.തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള മറ്റെല്ലാ ലേല വ്യവസ്ഥകളും ഈ ലേലത്തിലും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസുമായോ, കൊട്ടാരക്കര അസിസ്റ്റന്റ് കമ്മീഷണർ ആഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

Sd/-
എക്സിക്യൂട്ടീവ് എഞ്ചിനീയർ
എസ്റ്റേറ്റ് വകുപ്പ്

തിരുവനന്തപുരം
30/11/2021

**സ്വാമി ശരണം**

**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
എസ്റ്റേറ്റ് വകുപ്പ്,
തിരുവനന്തപുരം - 1,

# ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള കൊട്ടാരക്കര ഗ്രൂപ്പിലെ പോരേടം ദേവസ്വം വക സദ്യാലയം ഇപ്പോഴത്തെ അവസ്ഥയിൽ നിലവിലുള്ള സൗകര്യത്തിൽ വിവാഹ ആവശ്യങ്ങൾക്കും, ക്ഷേത്രാചാരങ്ങൾക്ക് ദോഷം വരാത്തരീതിയിലുള്ള മറ്റ് ചടങ്ങുകൾക്കും സസ്യാഹാരം മാത്രമേ പാകം ചെയ്ത് വിതരണം ചെയ്യുവാൻ പാടുള്ളുവെന്നും, ഹിന്ദുക്കളായവർക്കും, അതാത് ക്ഷേത്രോപദേശകസമതികൾക്കും മാത്രമേ ടി ലേലത്തിൽ പങ്കെടുക്കാവുയെന്ന നിബന്ധനയിലും ക്ഷേത്രത്തിലെ ഉത്സവം, മറ്റ് ആട്ടവിശേഷ ചടങ്ങുകൾ നടക്കുന്ന ദിവസങ്ങൾ ഒഴികെ, രണ്ട് വർഷത്തേയ്ക്ക് ലേലം ചെയ്ത്നല്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും ഉത്തരവായിരിക്കുന്നതിനാൽ ടി പ്രകാരം ലേലംചെയ്ത് തുക ഈടാക്കുന്നതിന് താഴെ പറയുന്ന തീയതികളിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥലത്ത് വച്ച് എസ്റ്റേറ്റ് ഡിവിഷൻ മുഖാന്തിരം ഓൺലൈൻ ആയി പരസ്യമായി ലേലം നടത്തുന്നതും, ബഹുമാനപ്പെട്ട കോടതി അംഗീകരിച്ച നിബന്ധനകൾ ഉൾപ്പെട്ട എഗ്രിമെന്റ് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിതതുകക്കുള്ള നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. ടി തുകയ്ക്കുള്ള നിരതദ്രവ്യത്തോട്കൂടിയ മത്സരസ്വഭാവമുള്ള ക്വട്ടേഷനുകളും ലേലസമയത്തിന് മുമ്പാകെ ഹാജരാക്കാവുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന /ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലനടപടികൾ അവസാനിപ്പിക്കുന്നതാണ്. ലേലം കൊള്ളുന്ന വ്യക്തി സെക്യൂരിറ്റി തുകയായി ലേലം കൊള്ളുന്ന തുകയുടെ ഒന്നുപകുതി ഉടനടി കെട്ടിവയ്ക്കേണ്ടതാണ്. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, നിരാകരിക്കുന്നതിനുമുള്ള പരമാധികാരം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും. ലേലതീയതി, സമയം, ലേലവ്യവസ്ഥകൾ എന്നിവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾപ്രവർത്തിദിവസങ്ങളിൽഈ ആഫീസിൽനിന്നോ കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, പോരേടം ദേവസ്വം എന്നിവിടങ്ങളിൽ നിന്നും അറിയാവുന്നതാണ്. കൂടാതെ നിലവിൽ കോവിഡ് -19 നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമേ ലേലനടപടികൾ സ്വീകരിക്കുകയുള്ളൂ എന്ന വിവരം കൂടി അറിയിച്ചുകൊള്ളുന്നു.

| ഗ്രൂപ്പ് | ദേവസ്വം | നിരതദ്രവ്യം | ലേല തീയതിയും സമയവും | ലേല സ്ഥലം |
|---|---|---|---|---|
| കൊട്ടാരക്കര | പോരേടം | 5,000/- | 07/12/2021 പകൽ 11 | ടി ദേവസ്വം |

Sd/-
**എക്സിക്യൂട്ടീവ് എഞ്ചിനീയർ**
എസ്റ്റേറ്റ് വകുപ്പ്

തിരുവനന്തപുരം
30/11/2021